(ബി) 1519 കോടി രൂപ

(സി) 10.38 കോടി രൂപ ലഭിച്ചു. ഈ തുക മുഴുവൻ ചെലവഴിച്ചു.

(ഡി) ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും ചെലവഴിച്ച തുകയും താഴെ പറയുന്നു:

പദ്ധതി	അടങ്കൽ തുക (രൂപ കോടിയിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
തിരുവനന്തപുരം	204.29	4.57
മീനാട്	162.16	72.72
പേർത്തല	242.97	114.74
കോഴിക്കോട്	428.40	1071.79
പട്ടുവം	203.84	311.12

(അടങ്കൽ തുകയിൽ ടാക്സ്സ് ആന്റ് ഡ്യൂട്ടീസ്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്, കണ്ടിജൻസി മുതലായ പൊതുവായ ഘടകങ്ങളുടെ തുക ഉൾപ്പെടുത്തിയിട്ടില്ല).

(ഇതുകൂടാതെ എല്ലാ സ്കീമിനും കൂടി ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായവയ്ക്ക് 1073.59 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്).

കൊല്ലം ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം നടക്കുന്ന പ്രവൃത്തികൾ

169 [1831] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ എത്ര പദ്ധതികളുടെ പണി ഇപ്പോൾ നടക്കുന്നുണ്ട്; ഇവ ഏതെല്ലാമാണ്; ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(ബി) പുനലൂർ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്; ഓരോന്നിന്റെയും എസ്റ്റിമേറ്റ് എത്ര; ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഒരു പദ്ധതിയുടെ പണിയാണ് ഇപ്പോൾ നടന്നു വരുന്നത്. മീനാടിനും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതിയാണിത്. താഴെ പറയുന്ന പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും:

1. കരവാളൂർ
2. അഞ്ചൽ
3. ഇടമുളക്കൽ
4. ഉമ്മണ്ണൂർ
5. ഇളമാട്
6. പുയപ്പള്ളി
7. വെളിയം
8. നെടുമ്പന
9. ആദിച്ചനെല്ലൂർ (ഭാഗം)
10. ചാത്തന്നൂർ
11. പുതക്കുളം
12. മയ്യനാട്
13 ഇരവിപുരം (ഭാഗം)

(ബി) പുനലൂർ മണ്ഡലത്തിലെ കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന മീനാട് ശുദ്ധജല വിതരണ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 162.16 കോടി രൂപയാണ്. (പദ്ധതിയുടെ മൊത്തമായ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്). ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ഡിസ്ട്രിബ്യൂഷൻ സർവ്വെ, ട്രീറ്റബലിറ്റി സ്റ്റഡീസ്, വിവിധ ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലികൾ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതികളുടെ പണികൾ വിവിധ കോൺട്രാക്ട് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. മീനാട് പദ്ധതി 2006 ആദ്യം ഭാഗികമായും 2007 ആഗസ്റ്റിൽ പൂർണ്ണമായും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 'എ'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly